## 7. വീണ്ടുവിചാരം

എന്തെങ്കിലും ചെയ്യുമ്പോൾ രണ്ട് വട്ടം ആലോചിക്കുക.
ദേഷ്യത്തോടെയും എടുത്തുചാടിയും ഒരു കാര്യത്തിലും ഏർപ്പെടരുത്.
അത് നമുക്ക് പ്രയാസമുണ്ടാക്കും.

ഒരിടത്ത് ഒരു മീൻപിടിത്തക്കാരൻ ഉണ്ടായിരുന്നു. എല്ലാ ദിവസവും അയാൾ തന്റെ വലയും ചൂണ്ടയുമൊക്കെയായി മീൻ പിടിക്കാൻ പോകും.

പതിവുപോലെ ഒരു ദിവസം അയാൾ മീൻപിടിച്ചുകൊണ്ടിരിക്കെ തിളങ്ങുന്ന ഒരു സാധനം അയാളുടെ കണ്ണിൽപെട്ടു. അയാൾ സൂക്ഷിച്ചുനോക്കി. അതെ. ഒരു ചിപ്പിയായിരുന്നു അത്. അതിലാണ് വിലപിടിച്ച മുത്തുകളുണ്ടാകുന്നത്. അയാൾ കിട്ടിയ മീനുകളെ കടലിൽ ഉപേക്ഷിച്ച് ചിപ്പിയെടുത്ത് വേഗം വീട്ടിലേക്ക് കുതിച്ചു.

ദൈവം എനിക്ക് നല്ലത് വിധിച്ചല്ലോ. ഇനി കഷ്ടപ്പെടാതെ ജീവിക്കാം. അയാൾ സന്തോഷിച്ചു.

വീട്ടിലെത്തിയ അയാൾ ഭാര്യയെയും കുട്ടികളെയും വിളിച്ചുവരുത്തി. കാര്യമെന്തെന്നറിയാനായി അവർ ഓടിവന്നു. അയാൾ ആവേശത്തോടെ ചിപ്പി തുറന്നു.



പെട്ടെന്ന് അയാളുടെ മുഖത്ത് നിരാശ പരന്നു. അതിനകത്ത് ഒന്നുമുണ്ടായിരുന്നില്ല. ശ്ശൊ, കിട്ടിയ മീനുകളെയും കളഞ്ഞു, മുത്ത് കിട്ടിയതുമില്ല. മീനുകളെ കളയാതിരുന്നെങ്കിൽ തനിക്കും കുടുംബത്തിനും ഇന്ന് ഭക്ഷണം കഴിക്കാമായിരുന്നു എന്നയാൾ ഖേദത്തോടെ ഓർത്തുപോയി.

അടുത്ത ദിവസവും അയാൾ മീൻപിടിക്കാൻ പോയി. അന്ന് പക്ഷേ, മറ്റൊരു സ്ഥലത്താണ് അയാൾ വല വീശിയത്. അയാൾക്ക് അന്ന് മീനുകളൊന്നും കിട്ടിയില്ല. ഒരു തവണ വല വീശിയപ്പോൾ അതിൽ ഒരു ചിപ്പിയും ചെറിയ മീനുകളും മാത്രമേ ഉണ്ടായിരുന്നുള്ളൂ. ചിപ്പി കണ്ടതോടെ അയാൾക്ക് ദേഷ്യമായി. അയാൾ ചിപ്പിയെടുത്ത് ഒരേറ് വെച്ചു കൊടുത്തു.

ചില ആളുകൾ അതിലെ നടന്നുപോകുന്നുണ്ടായിരുന്നു. അവരിൽ ഒരാൾ ആ ചിപ്പി എടുത്തു തുറന്നുനോക്കി. അതാ, അതിൽ തിളങ്ങുന്ന രത്നം. അയാൾ സന്തോഷത്തോടെ തുള്ളിച്ചാടി അതുമായി വേഗം സ്ഥലം വിട്ടു. അത് കണ്ടുനിന്ന മീൻപിടിത്തക്കാരൻ തനിക്ക് അമളി പറ്റിയതിൽ വളരെ ഖേദിച്ചു.

*അബദ്ധം ചെയ്തിട്ട് അതിന്റെ പേരിൽ ഖേദിച്ചിട്ട് കാര്യമില്ല.*